തുടരുന്നതിന് പുനർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നതുമാണ്. സർക്കാർ ഉത്തരവ് (എം.എസ്.) 30/02/പി.ഡി. തീയതി 21-10-2002 പ്രകാരം വൈദ്യുതി ചാർജ് അതാത് വകുപ്പുകൾ നേരിട്ട് അടയ്ക്കുന്നതിന് ഉത്തവായിട്ടുണ്ട്. ആയതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി&സി) 1. തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി.യുടെ കാര്യാലയം 1,44,739 രൂപ

2. തിരുവനന്തപുരം യൂണിറ്റ് ക്രൈംബ്രാഞ്ച് ആഫീസ് 56,348 രൂപ

(ഡി) ബാധകമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

രാഷ്ട്രീയ സംഘട്ടനങ്ങൾ

37 (2143) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ രാഷ്ട്രീയ സംഘട്ടനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടു എന്നത് ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2316 രാഷ്ട്രീയ സംഘട്ടനങ്ങൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 27 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബേവിഞ്ചയിൽ അബ്ദുൾ റഹിമാന്റെ കൊലപാതകം

38 (2447) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേവിഞ്ചയിൽ അബ്ദുൾ റഹിമാന്റെ കൊലപാതകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കൊലപാതകം ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അന്വേഷണവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) അന്വേഷണം നടത്തുന്നതിനിടെ അന്വേഷണോദ്യോഗസ്ഥനെ പ്രസ്തുത ചുമതലയിൽ നിന്നും മാറ്റി താഴ്ന്ന റാങ്കുള്ള ഒരുദ്യോഗസ്ഥനെ അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അങ്ങനെ അന്വേഷണ ചുമതല മാറ്റാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രൈം നം. 415/സി.ആർ/02 ആയി കണ്ണൂർ സി.ബി.സി.ഐ.ഡി. യൂണിറ്റിന്റെ ഊർജ്ജിത അന്വേഷണത്തിലാണ്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട് കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധി കുറയ്ക്കണമെന്ന ആവശ്യം

39 (2148) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധിയുടെ ദൂരം കുറയ്ക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly